HON'BLE MR. V. O. MARKOS : ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

MR. K. A. MATHEW : തിരുവല്ലാത്താലൂക്കിലെ ഒരു കേസ് ശ്രദ്ധയിൽപ്പെടുത്തിയാൽ ഉടൻ പരിഹാരം ഉണ്ടാക്കുമോ ?

HON'BLE MR. V. O. MARKOS : ഉണ്ടാക്കാം.

MR. MANNATHU PADMANABHA PILLAI : പാവപ്പെട്ടവർ അല്ലാതെ പണക്കാരും സക്കാർ വസ്തുക്കളിൽ പ്രവേശിച്ചിട്ടുള്ളതായി ഗവണ്മെൻറിനറിയാമോ ?

HON'BLE MR. V. O. MARKOS : അതും കുത്തകപ്പാട്ടവുമായി ബന്ധം ഇല്ല. ഇങ്ങനെ പ്രവേശിച്ചിട്ടുണ്ടെങ്കിൽ ഗവണ്മെൻറ് അതു് ഒഴിപ്പിക്കുന്നതാണ്.

MR. KANNARA GOPALA PANICKER: കുത്തകപ്പാട്ടം ലേലംചെയ്യുമ്പോൾ മുൻകൈവശക്കാർക്ക് പ്രത്യേകം പരിഗണനനൽകാറുണ്ടോ ?

HON'BLE MR. V. O. MARKOS : അങ്ങനെ ചെയ്യാറുണ്ട്.

Reduction of bus fare.

* 630. MR. A. CHIDAMBARANATHA NADAR (*Kalkulam II—Hindu Nadar Reserved*) : கிழக் கண்ட விஞ்சுகளுக்கு, கண்ணியம்தங்கிய போக்குவரவு இலாகா மந்திரியவர்கள் விடயளிப்பார்களாக

பிரதான ரோடுகளில் ஓடுகிற மோட்டார் வண்டிகளில் யாத்திரை செய்ய வேண்டுமானால் குறைந்த கூலி எவ்வளவு?

HON'BLE MR. K. R. ELANKATH : മോട്ടോർ കാറുകളിൽ സഞ്ചരിക്കുന്നതിനുള്ള ചാർജ്ജിനെപ്പറ്റി ഗവണ്മെൻറിൽനിന്ന് ഒരു നിർദ്ദേശവും നൽകിയിട്ടില്ല. എന്നാൽ സാധാരണയായി മൈലിന് ¼ അണ മുതൽ രണ്ടു രൂപാവരെ ചാർജ്ജ് ചെയ്യാറുണ്ട്.

MR. A. NESAMONI (*Vilavancode S. J. U. C.*): May I point out to the Chair that the answer has nothing to do with the question ?

HON'BLE MR. K. R. ELANKATH : The question is very vague.

MR. PRESIDENT : No discussion on the question. Do you want to put any further question ?

MR. K. RAMACHANDRAN : (*Pathanamthitta Kammala*) : ബസ് ചാർജ്ജ് കൂട്ടിയതിനുശേഷം ഗവണ്മെൻറിൻെറ വരവിനെ അതു് സാരമായി ബാധിച്ചിട്ടുണ്ടോ ?

HON'BLE MR. K. R. ELANKATH : ഗവണ്മെൻറിനെ തീർച്ചയായും വിപരീതമായി ബാധിച്ചിട്ടില്ല. കഴിഞ്ഞമാസത്തെ കണക്കുകൊണ്ടു് കുറെ കൂടുതൽ വരവുണ്ടായിട്ടുണ്ടെന്നാണ് കാണുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. A. CHIDAMBARANATHA NADAR: ஒரு மைல் முதல் ஐந்து மைல்கள் வரையில் சர்க்கார் சீரட்டு எவ்வளவு?

HON'BLE MR. K. R. ELANKATH: സാധാരണ മിനിമം റേറ്റ് ഫർ കാശാണെങ്കിലും ഷോർട്ട് ഡിസ്റ്റൻസ് റോഡുകളിൽ ഉള്ള കുറഞ്ഞ ചാർജ്ജ് @ ചക്രത്തിൽനിന്നും ഏഴ ചക്രമായി വർദ്ധിപ്പിക്കുന്നുണ്ട്.

തിരുവിതാംക്കൂർകാരായ വിമുക്തഭടക്ക് ഫീസ്സാനുകൂല്യം.

*631. MR. K. A. MATHEW: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ?

(എ) തിരുവിതാംക്കൂർ യൂണിവേഴ്സിറ്റിയിലും പുറത്തുള്ള യൂണിവേഴ്സിറ്റികളിലും പഠിക്കുന്ന തിരുവിതാംക്കൂറുകാരായ വിമുക്തഭടക്ക് (Ex-service men students) ഫീസ്സാനുകൂല്യം നൽകുന്നതാണെന്ന് ഒരു പ്രസ്സ് നോട്ട് ഗവണ്മെൻറ് പ്രസിദ്ധപ്പെടുത്തിയിരുന്നുവോ?

(ബി) തിരുവിതാംക്കൂറിന് പുറമേയുള്ള കോളേജുകളിൽ പഠിക്കുന്നവരിൽനിന്ന് അപ്രകാരമുള്ള എത്ര അപേക്ഷകൾ കിട്ടി?

(സി) അവ ഏതെല്ലാം കോളേജുകളിൽ പഠിക്കുന്നവരിൽനിന്നാണ്?

(ഡി) അവരിൽ എത്ര പേർക്ക് സഹായം നൽകുന്നുണ്ട്?

(ഇ) അല്ലഹബാദ് കാർഷിക കോളേജിനു പഠിക്കുന്ന തിരുവിതാംക്കൂർകാരിൽനിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ?

(എഫ്) ഉണ്ടെങ്കിൽ അവർക്ക് എന്തു മറുപടി യൂണിവേഴ്സിറ്റി രജിസ്ട്രാർ നൽകി?

HON'BLE MR. N. KUNJURAMAN: (എ) പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി) 2 @.

(സി) ലിസ്റ്റ് ഇതോടുകൂടി ചേർത്തിരിക്കുന്നു.

(ഡി) എല്ലാവർക്കും സഹായം നൽകുവാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഇതു രജിസ്ട്രാർ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇതു നേരത്തെ ഉത്തരം പറഞ്ഞ ചോദ്യം ആണ്.

LIBRARY ARCHIVES Kerala Legislative Assembly